പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1159 — 03/12/2015 ൽ മറുപടിയ്ക്ക്

## പാഠപുസ്തക അച്ചടി

### ചോദ്യം

ശ്രീ.വി.ചെന്താമരാക്ഷൻ

എ) വിവിധ ക്ലാസുകളിലുള്ളവിദ്യാർത്ഥികളുടെ പാഠപുസ്തക അച്ചടി പൂർത്തീകരിച്ചിട്ടുണ്ടോ; എങ്കിൽ ഏത് മാസമാണ് അച്ചടി പൂർത്തീകരിച്ചത് എന്ന് വിശദമാക്കുമോ;

ബി) ഇല്ലെങ്കിൽ ഏതെല്ലാം ക്ലാസുകളിലേക്കുള്ളപുസ്തകങ്ങളാണ് ഇനിയും അച്ചടിച്ച് നൽകാനുള്ളത് എന്ന് വിശദമാക്കുമോ;

സി) വിദ്യാർത്ഥികൾക്ക് യഥാസമയം പാഠപുസ്തകം നൽകാൻ കഴിയാത്തതിന്റെ

### ഉത്തരം

ശ്രീ: പി.കെ. അബ്ദുറബ്ബ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

(എ) & (ബി) 2015-16 അധ്യയന വർഷത്തെ 1 മുതൽ 10 വരെ ക്ലാസുകളിലെ പാഠപുസ്തക അച്ചടിയും വിതരണവും പൂർണ്ണമായും കെ.ബി.പി.എസിനെയാണ് സർക്കാർ ചുമതലപ്പെടുത്തിയിരിക്കുന്നത്. 31.07.2015 ന് ഒന്നാം വാല്യം പാഠപുസ്തകങ്ങളുടെയും 30.10.2015 ന് രണ്ടാം വാല്യം പാഠപുസ്തകങ്ങളുടെയും വിതരണം സ്കൂൾ ഹെഡ്മാസ്റ്റർമാർ നൽകിയിട്ടുള്ള ഇൻഡന്റ് പ്രകാരം പൂർത്തീകരിച്ചിട്ടുള്ളതാണെന്ന് കെ.ബി.പി.എസ് അറിയിച്ചിട്ടുണ്ട്. ആദ്യഘട്ട പ്ലസ്ടു പാഠപുസ്തകങ്ങളുടെ അച്ചടി മെയ് മാസത്തിലും പ്ലസ് വൺ പാഠപുസ്തകങ്ങളുടെ അച്ചടി ജൂൺ മാസത്തിലും രണ്ടാം ഘട്ട പ്ലസ് വൺ, പ്ലസ്ടു പാഠപുസ്തകങ്ങളുടെ അച്ചടി ജൂലൈ, ആഗസ്റ്റ് മാസങ്ങളിലായും പൂർത്തീകരിച്ചിട്ടുണ്ടെന്ന് സി-ആപ്റ്റ് അറിയിച്ചിട്ടുണ്ട്.

അധീഷണലായി പുസ്തകങ്ങൾ ആവശ്യമുണ്ടെങ്കിൽ അവയുടെ ഇൻഡന്റ് 07.12.2015 നകം നൽകാനും അതനുസരിച്ച് അവ വിതരണം ചെയ്യാനും നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) പൊതു വിദ്യാഭ്യാസ (എ) വകുപ്പിൽനിന്നും സർക്കാർ ഉത്തരവ് (സാധാ)നം.4920//14/പൊ.വി.വ തീയതി 11/11/2014 പ്രകാരം 2015-16 അധ്യയന

| | |
|---|---|
| കാരണം വിശദമാക്കാമോ: | വർഷത്തെ 1 മുതൽ 10 വരെ ക്ലാസ്സുകളിലെ പാഠപുസ്തക അച്ചടിയാക്കാവശ്യമായ പേപ്പർ വാങ്ങുന്നതിനുള്ള ഭരണാനുമതി ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതനുസരിച്ച് സ്റ്റേഷനറി കൺട്രോളർ ടെൻഡർ നടപടികളിലൂടെ DPC തീരുമാനത്തിന് വിധേയമായി പേപ്പർ പർച്ചേയ്സിനുള്ള സപ്ലൈ ഓർഡർ നൽകിയിരുന്നു. ഇപ്രകാരം പർച്ചേയ്സ് നടപടികളിൽ ചെറിയ കാലതാമസം ഉണ്ടായിരുന്നു. 29/04/2015 ൽ ബഹു.വിദ്യാഭ്യാസ മന്ത്രി വിളിച്ചു ചേർത്ത പാഠപുസ്തക അവലോകന യോഗത്തിൽ 31/05/2015 നകം ഒന്നാംഘട്ട പാഠപുസ്തക അച്ചടി പൂർത്തീകരിക്കാൻ കഴിയില്ലെന്ന് കെ.ബി.പി.എസ് അറിയിച്ചതിനെ തുടർന്ന് സ.ഉ(കൈ) 174/15/ഉ.വി.വ തീയതി 15/05/2015 പ്രകാരം 60,38,000 പുസ്തകങ്ങൾ വാഴൂർ, മണ്ണന്തല, ഷൊർണ്ണൂർ എന്നീ ഗവ.പ്രസ്സുകൾ മുഖാന്തിരം അച്ചടിക്കുന്നതിന് അനുമതി ഉത്തരവ് ഉന്നതവിദ്യാഭ്യാസ(എച്ച്) വകുപ്പിൽ നിന്നും പുറപ്പെടുവിച്ചു. എന്നാൽ ഉത്തരവായ പ്രകാരമുള്ള തീയതിയിൽ (01.06.2015) ഗവ.പ്രസ്സുകൾക്കും അച്ചടി പൂർത്തിയാക്കാൻ കഴിയാതെ വന്ന സാഹചര്യത്തിൽ കെ.ബി.പി.എസ് സന്നദ്ധത അറിയിച്ചതിനെ തുടർന്ന് ഗവ.പ്രസ്സിൽ അച്ചടിക്കാതെ ശേഷിച്ച 43 ലക്ഷം ഒന്നാംഘട്ട പാഠപുസ്തകങ്ങൾ 2015 ജൂലൈ 20 നകം അച്ചടി പൂർത്തികരിച്ച് നൽകണമെന്ന വ്യവസ്ഥയിൽ സ.ഉ(സാധാ) നം.2507/15/പൊവിവ തീയതി 23.06.2015 പ്രകാരം കെ.ബി.പി.എസ് ന് അനുമതി ഉത്തരവ് നൽകിയിരുന്നു.<br><br>മേൽ സർക്കാർ ഉത്തരവിന്റെയും |

ബഹു.ഹൈക്കോടതി നിർദ്ദേശത്തിന്റെയും അടിസ്ഥാനത്തിൽ 2015 ജൂലൈ 31 നകം ഒന്നാംഘട്ട പാഠപുസ്തക അച്ചടിയും വിതരണവും പൂർത്തിയായിരുന്നു.

സെക്ഷൻ ഓഫീസർ